സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനപ്പുറത്തെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 20 തിങ്കൾ | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

അമൃത്പാലിനെ അറസ്റ്റ് ചെയ്തിട്ടില്ല; ആരോപണം നിഷേധിച്ച് പഞ്ചാബ് പോലിസ്

ന്യൂഡൽഹി: ഖലിസ്ഥാൻ അനുകൂലിയും 'വാരിസ് പഞ്ചാബ് ദേ' നേതാവുമായ അമൃത്പാൽ പഞ്ചാബിലെ ഷാഹ്കോട്ട് പോലിസ് സ്റ്റേഷനിൽ കസ്റ്റഡിയിലാണെന്നും വ്യാജ ഏറ്റുമുട്ടലിലൂടെ അമൃത്പാലിനെ വധിക്കാൻ ശ്രമം നടക്കുന്നുണ്ടെന്നും ആരോപിച്ച് 'വാരിസ് പഞ്ചാബ് ദേ' സംഘടനാ നിയമോപദേഷ്ടാവ് ഇമാൻ സിംഗ് ഖാര രംഗത്തെത്തിയിരുന്നു. എന്നാൽ ഈ ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്നും അറസ്റ്റ് ചെയ്തിട്ടില്ലെന്നും പഞ്ചാബ് പോലിസ് വ്യക്തമാക്കി.

ഇത് ഒരു കള്ളനും പോലിസും കളിയാണെന്നായിരുന്നു ജലന്ധർ പോലിസ് മേധാവി കുൽദീപ് ചഹൽ വിശേഷിപ്പിച്ചത്. 'അമൃത്പാൽ സിംഗിന്റെ മിക്ക അനുയായികളേയും ഞങ്ങൾ പിടികൂടി. പക്ഷേ അമൃത്പാൽ രക്ഷപ്പെടുകയാണ് ചെയ്തത്. ഉടനെ തന്നെ അമൃത്പാൽ സിംഗിനെ അറസ്റ്റ് ചെയ്യും.

ക്രമസമാധാനം പാലിക്കുകയെന്നതാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം', പൊലീസ് പറഞ്ഞു. പഞ്ചാബിൽ തിങ്കളാഴ്ച കൂടി ഇന്റർനെറ്റ് വിച്ഛേദിക്കപ്പെട്ടിട്ടുണ്ട്. അതേസമയം അമൃത്പാലിന്റെ അറസ്റ്റിലായ അനുയായികളെ പോലിസ് അസമിലെ ദിബ്രുഗഢിലേക്ക് മാറ്റി. ഇതുസംബന്ധിച്ച് ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല.

പ്രത്യേക വ്യോമസേനയുടെ വിമാനത്തിലാണ് അനുയായികളെ അസമിലേക്ക് മാറ്റിയതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇവരെ ദിബ്രുഗഢ് സെൻട്രൽ ജയിലിലേക്ക് മാറ്റി പാർപ്പിച്ചേക്കും.

അതേസമയം അമൃത്പാൽ സിങ്ങിന് ചാവേർ സംഘമുള്ളതായി രഹസ്യാന്വേഷണസംഘങ്ങൾക്ക് വിവരം ലഭിച്ചു. ഖലിസ്ഥാൻ ടൈഗർ ഫോഴ്സി(കെ.ടി.എഫ്)ന് സമാനമായി ആനന്ദ്പൂർ ഖൽസ് ഫോഴ്സ് (എ.കെ. എഫ്) എന്ന പേരിൽ സ്വന്തം സൈന്യത്തെ രൂപവൽക്കരിക്കാൻ ശ്രമിക്കുകയും ഇതിന്റെ ഭാഗമായി മനുഷ്യബോംബ് സ്ക്വാഡുകളെ അമൃത്പാൽ തയ്യാറാക്കിയിരുന്നുവെന്ന് രഹസ്യാന്വേഷണ ഏജൻസി വെളിപ്പെടുത്തുന്നു. ദുബായിയിൽ ട്രക്ക് ഡ്രൈവറായി ജോലി ചെയ്തിരുന്ന അമൃത്പാൽ പാകിസ്ഥാൻ ചാരസംഘടനയായ ഐ. എസ്. ഐ ഏജന്റായാണ് യു.എ.ഇയിൽ താമസിച്ചിരുന്നത്.

ഖലിസ്ഥാന്റെ പേരിൽ സിഖ് യുവാക്കളെ പ്രചോദിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങളും മറ്റും നൽകിയിരുന്നത് ഐ.എസ്. ഐ ആയിരുന്നുവെന്ന് രഹസ്യാന്വേഷണ ഏജൻസികൾ വ്യക്തമാക്കുന്നു. കഴിഞ്ഞ വർഷം ഇന്ത്യയിലെത്തിയ അമൃത്പാൽ 'ഖാദ്കൂസ്' എന്ന പേരിൽ യുവാക്കളെ ചാവേറുകളായി മാറ്റുന്നതിൽ പരിശീലനം നൽകുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു. ഖലിസ്ഥാൻ വാദിയായ അമൃത്പാലിനെ പിടികൂടാനുള്ള പഞ്ചാബ് പോലിസിന്റെ നീക്കം മൂന്നാംദിവസത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ഇതിനിടെയാണ് രഹസ്യാന്വേഷണ ഏജൻസികളുടെ നിർണായക സൂചനകൾ പോലിസിന് ലഭിച്ചിരിക്കുന്നത്. ആയുധങ്ങൾ ശേഖരിക്കുന്നതിനും ചാവേറുകളെ സജ്ജമാക്കുന്നതിനും വേണ്ടി ഗുരുദ്വാരകളും മയക്കുമരുന്ന് വിമുക്തി കേന്ദ്രങ്ങളും ഉപയോഗിക്കുന്നെന്ന സൂചന ലഭിച്ചതോടെ കനത്ത ജാഗ്രതയോടെയാണ് പോലിസും സുരക്ഷാ ഏജൻസികളുടേയും നീക്കം.

കൂടത്തായി കൊലക്കേസ്; പരസ്യവിചാരണ ആവശ്യപ്പെട്ട ജോളിയുടെ ഹർജി തള്ളി ഹൈക്കോടതി

എറണാകുളം: കൂടത്തായി കേസിൽ രഹസ്യവിചാരണക്ക് പകരം തുറന്ന കോടതിയിൽ പരസ്യവിചാരണ വേണമെന്ന ജോളിയുടെ ഹർജി തള്ളി ഹൈക്കോടതി. കേസിൽ രഹസ്യവിചാരണയാണ് വിചാരണ കോടതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ, സാക്ഷികളുടെ സ്വകാര്യതയും സുരക്ഷയും കണക്കിലെടുത്താണ് രഹസ്യവിചാരണ നിശ്ചയിച്ചതെന്ന് പ്രോസിക്യൂഷൻ അറിയിച്ചു. ഇതിന് പുറമേ കൊലപാതക കേസിൽ രഹസ്യവിചാരണ നടത്താൻ

നിയമപ്രകാരം കഴിയുമെന്നും, സാക്ഷികൾക്ക് ഭയം കൂടാതെ കോടതിയിൽ എത്തി സത്യം ബോധിപ്പിക്കാൻ ഇത് അവസരം ഒരുക്കുമെന്ന് സർക്കാരും നിലപാട് എടുത്തു. ഇത് അംഗീകരിച്ചാണ് കോടതി ഹർജി തള്ളിയത്. പീഡനഭീകരവാദ കേസുകളിലാണ് രഹസ്യവിചാരണ നടത്തുകയെന്നും, തന്റേത് അത്തരമൊരു കേസല്ലെന്നും ചൂണ്ടിക്കാട്ടിയാണ് ജോളി കോടതിയെ സമീപിച്ചത്. തന്റേത് കൊലപാതക കേസ് ആണ്. അതിനാൽ രഹസ്യവിചാരണ ആവശ്യമില്ല. തുറന്ന കോടതിയിൽ പരസ്യവിചാരണ വേണമെന്നും ജോളി കോടതിയിൽ ആവശ്യപ്പെട്ടിരുന്നു.

പിരിച്ചുവിട്ട ജീവനക്കാർക്ക് ഇരട്ട പ്രഹരവുമായി ഗൂഗിൾ

കാലിഫോർണിയ: പിരിച്ചുവിട്ട ആറ് ശതമാനം ജീവനക്കാർക്ക് ഇരട്ട പ്രഹരമേൽപിച്ച് പുതിയ തീരുമാനവുമായി ഗൂഗിൾ. പ്രസവാവധിയിലോ, മെഡിക്കൽ ലീവിലോ ആയിരുന്നവർക്ക് അവധി തീരും വരെയുള്ള ശമ്പളം നൽകേണ്ടതില്ലെന്ന ഗൂഗിളിന്റെ തീരുമാനം ജീവനക്കാർക്ക് ഇരട്ട പ്രഹരമായി. ഈ ആവശ്യവുമായി നൂറിലധികം ജീവനക്കാർ നൽകിയ അപേക്ഷകൾ ഗൂഗിൾ തള്ളി. സി.ഇ.ഒ സുന്ദർ പിച്ചൈ അടക്കമുള്ള ഗൂഗിൾ ഉദ്യോഗസ്ഥർക്ക് അയച്ച കത്തുകൾക്ക് നിരാശാജനകമാണ് സ്ഥാപനത്തിൽ നിന്നുള്ള പ്രതികരണം. പിരിച്ചുവിടലുകളെ കുറച്ചു കൂടി നല്ല നിലയിൽ കൈകാര്യം ചെയ്യണമെന്ന് കാണിച്ചുകൊണ്ടുള്ള മുൻ ജീവനക്കാരുടെ കത്തിനോടും ഗൂഗിൾ സി.ഇ.ഒ അടക്കമുള്ളവർ പ്രതികരിച്ചിട്ടില്ല. പെരുമാറരുതെന്നും നിങ്ങളുടെ കഴിവിൽ ചെയ്യാൻ കഴിയുന്നതുമായ കാര്യങ്ങളാണ് ആവശ്യപ്പെടുന്നതെന്നും ജീവനക്കാർ കത്തിൽ വ്യക്തമാക്കുന്നു.പ്രസവാവധിക്ക് പുറമേ കമ്പനി നൽകിയിരുന്ന സമാനമായ പല ലീവുകളിലുള്ളവർക്കും ഈ തീരുമാനം ബാധകമാണ്. പിരിച്ചുവിടുന്നതിന് മുൻപ് കമ്പനി അനുവദിച്ചിരുന്ന ലീവുകളുടെ ആനുകൂല്യം നൽകണമെന്ന് ജീവനക്കാർ ആവശ്യപ്പെട്ടിരുന്നു.1400ൽ അധികം ജീവനക്കാർ ഒപ്പിട്ട നിവേദനത്തിന് അധികൃതർ ഇനിയും മറുപടി നൽകിയിട്ടില്ല. അഞ്ച് ആവശ്യങ്ങളാണ് പിരിച്ചു വിടലുകളെ മാന്യമാക്കുന്നതിനായി ജീവനക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. പിരിച്ചുവിടുന്ന സമയത്ത് പുതിയ ആളുകളെ ജോലിക്ക് എടുക്കുന്നത് താൽക്കാലികമായി നിർത്തി വയ്ക്കുക, ആൽഫബെറ്റ് ഓർഡർ അനുസരിച്ച് പിരിച്ച് വിടപ്പെട്ട ജീവനക്കാർക്ക് തിരികെ എടുക്കുമ്പോൾ മുൻഗണന നൽകുക, യുക്രൈൻ, റഷ്യ പോലെ കലാപാന്തരീക്ഷമുള്ള രാജ്യങ്ങളിൽ നിന്നുള്ളവരെ ഉടൻ പിരിച്ച് വിടാതിരിക്കുക, മുൻകൂർ അനുവദിച്ച ലീവുകളോട് മാന്യത കാണിക്കുക, പിരിച്ച് വിടലിൽ ലിംഗ, വർഗ, വർണത്തെ അടിസ്ഥാനത്തിൽ അല്ലാതിരിക്കുക എന്നീ ആവശ്യങ്ങളാണ് നിരവധി ജീവനക്കാർ ഒപ്പിച്ച നിവേദനത്തിൽ വിശദമാക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനീസ് നെറ്റിസൺസിന് 'ലാവോസിയൻ'

ന്യൂഡൽഹി : ചൈനീസ് നെറ്റിസൺസിന് ലാവോസിയനാണ് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെന്ന് യു.എസ് ആസ്ഥാനമായുള്ള മാഗസിനായ ദി ഡിപ്ലോമാറ്റ്. ഇന്ത്യ-ചൈന അതിർത്തി തർക്കത്തിന് ഇടയിലും പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ചൈനീസ് നെറ്റിസൺസ് ബഹുമാനപൂർവ്വം അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്നത് അനശ്വരൻ എന്ന് അർത്ഥം വരുന്ന ലാവോസിയൻ എന്ന പദമാണെന്ന് ദി ഡിപ്ലോമാറ്റ് വിശദമാക്കുന്നു. ചൈന ഇന്ത്യയെ എങ്ങനെ കാണുന്നുവെന്ന ലേഖനത്തിലാണ് പരാമർശം. ചൈനീസ് സമൂഹമാധ്യമങ്ങളെ വിലയിരുത്തുന്ന മാധ്യമ പ്രവർത്തകരുടെ വിലയിരുത്തലിനെ അടിസ്ഥാനമാക്കിയാണ് ലേഖനം തയ്യാറാക്കിയിട്ടുള്ളത്. നരേന്ദ്ര മോദി നയിക്കുന്ന ഇന്ത്യയ്ക്ക് മറ്റ് പ്രധാന രാജ്യങ്ങളോടൊപ്പം സന്തുലിതാവസ്ഥ നിലനിർത്താൻ സാധിക്കുമെന്നാണ് സമൂഹമാധ്യമങ്ങളിൽ ചൈനയിലെ ജനങ്ങൾ പ്രതികരിക്കുന്നത്. ചൈനീസ് സമൂഹമാധ്യമങ്ങളിൽ മോദി അറിയപ്പെടുന്ന ലവോസിയൻ എന്ന പദപ്രയോഗത്തിന്റെ അർഥം വ്യത്യസ്തമായ കഴിവുകളുള്ള അനശ്വര വ്യക്തി എന്നാണ്. മറ്റ് നേതാക്കളേക്കാളും പ്രഭാവമുള്ള വ്യത്യസ്തനായ നേതാവെന്ന സൂചനയാണ് ഇതിലൂടെ നെറ്റിസൺസ് നരേന്ദ്ര മോദിക്ക് നൽകുന്നത്. സ്വീകരിക്കുന്ന നയങ്ങളിലും വേഷ ധാരണത്തിലും ശരീര പ്രകൃതിയിലും ഈ മാറ്റമുണ്ടെന്നാണ് ചൈനീസ് നെറ്റിസൺസ് വിശദമാക്കുന്നത്. റഷ്യയും അമേരിക്കയും അടക്കമുള്ള മറ്റ് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തിലും മോദി പ്രഭാവമുണ്ടെന്നും ഇവർ പറയുന്നു. പല രാജ്യങ്ങളുമായി സുഹൃദ് ബന്ധമാണ് ഇന്ത്യയ്ക്കുള്ളത് ഇത് പ്രശംസനീയമാണെന്നും ചൈനീസ് നെറ്റിസൺസ് പ്രതികരിക്കുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ കഴിഞ്ഞ യുവതിയെ പീഡിപ്പിച്ച കേസ്; പ്രതി പിടിയിൽ

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ കഴിഞ്ഞ യുവതിയെ പീഡിപ്പിച്ച കേസിൽ പ്രതി പിടിയിൽ. വടകര മയ്യന്നൂർ സ്വദേശി ശശിധരനാണ് പിടിയിലായത്. ആശുപത്രിയിൽ അറ്റൻഡറായി ജോലി ചെയ്തിരുന്ന പ്രതിയെ മെഡിക്കൽ കോളേജ് പോലിസാണ് പിടികൂടിയത്. ശസ്ത്രക്രിയ കഴിഞ്ഞ് ഐ.സി.യുവിൽ പ്രവേശിപ്പിച്ച യുവതിയെ പീഡിപ്പിച്ചുവെന്നാണ് കേസ്. ശനിയാഴ്ചയാണ് തൈറോയ്ഡ് ശസ്ത്രക്രിയ കഴിഞ്ഞ് സർജിക്കൽ ഐ.സി.യുവിന് പുറത്ത് വിശ്രമിക്കുകയായിരുന്ന യുവതിയെ മെഡിക്കൽ കോളേജ് അറ്റൻഡർ പീഡിപ്പിച്ചത്. സർജിക്കൽ ഐ.സി.യുവിലേക്ക് യുവതിയെ കൊണ്ടുവിട്ട

മടങ്ങിയ അറ്റൻഡർ കുറച്ചു കഴിഞ്ഞ് തിരികെ എത്തി യുവതിയെ പീഡനത്തിന് ഇരയാക്കുകയായിരുന്നു. ഈ സമയത്ത് മറ്റൊരു രോഗിയുടെ സ്ഥിതി ഗുരുതരമായതിനാൽ ജീവനക്കാരെല്ലാം ആ രോഗിയുടെ അടുത്തായിരുന്നു. അർധബോധാവസ്ഥയിലായിരുന്ന യുവതിക്ക് പ്രതികരിക്കാനാകുമായിരുന്നില്ല. എന്നാൽ പിന്നീട് യുവതി ബന്ധുക്കളോട് താൻ നേരിട്ട പീഡനത്തെക്കുറിച്ച് പറയുകയും ബന്ധുക്കൾ പോലിസിനെ അറിയിക്കുകയുമായിരുന്നു.

മുദ്ര വച്ച കവറിൽ രേഖകൾ കൈമാറുന്നത് ജുഡീഷ്യൽ നടപടികളുടെ മൗലിക തത്വങ്ങൾക്ക് എതിരെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: മുദ്രവച്ച കവറിൽ രേഖകൾ കൈമാറുന്നത് ജുഡീഷ്യൽ നടപടികളുടെ മൗലിക തത്വങ്ങൾക്ക് എതിരാണെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്. അറ്റോർണി ജനറൽ മുദ്ര വച്ച കവറിൽ പ്രതിരോധ സൈനിക വിഭാഗങ്ങളിൽ നിന്ന് വിരമിച്ചവർക്ക് 'ഒരു റാങ്ക്, ഒരു പെൻഷൻ' പദ്ധതി പ്രകാരമുള്ള കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ വിശദീകരണം സമർപ്പിക്കാൻ ശ്രമിച്ചപ്പോഴാണ് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് നിലപാട് വ്യക്തമാക്കിയത്. മുദ്ര വച്ച കവറിൽ രേഖകൾ കൈമാറുന്നത് അവസാനിപ്പിക്കാൻ നടപടി എടുക്കുമെന്നും ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡ് വ്യക്തമാക്കി. അറ്റോർണി ജനറൽ കൈമാറിയ മുദ്രവച്ച കവർ സ്വീകരിക്കാനും ചീഫ്

ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് വിസമ്മതിച്ചു. പെൻഷൻ ഒറ്റ ഗഡുവായി വിതരണം ചെയ്യാൻ പണം ഇല്ലെന്ന കേന്ദ്ര സർക്കാർ വാദം സുപ്രീം കോടതി അംഗീകരിച്ചു. തുടർന്ന് ഗഡുക്കളായി അടുത്ത വർഷം ഫെബ്രുവരി 28നകം കുടിശിക വിതരണം ചെയ്യാൻ സുപ്രീം കോടതി കേന്ദ്രത്തിന് അനുമതി നൽകി. സ്തുത്യർഹ സേവനത്തിനുള്ള മെഡലുകൾ ലഭിച്ചവർക്കും, കുടുംബ പെൻഷൻ ലഭിക്കുന്നവർക്കും ഏപ്രിൽ 30നകം ഒറ്റ ഗഡുവായി പെൻഷൻ നൽകാനും സുപ്രീം കോടതി നിർദേശിച്ചു.

രാഹുലിനെതിരേ കടന്നാക്രമണം തുടർന്ന് ബി.ജെ.പി

ന്യൂഡൽഹി : കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വിദേശത്ത് ഇന്ത്യയെ അപമാനിച്ചെന്ന ആരോപണങ്ങൾ ആവർത്തിച്ച് ബി.ജെ.പി നേതാക്കൾ. കേന്ദ്ര മന്ത്രിയും രാജ്യസഭാംഗവുമായ ഹർദീപ് സിംഗ് പുരിയാണ് രാഹുൽ ഗാന്ധിക്കെതിരേ ഇപ്പോൾ രംഗത്തെത്തിയിരിക്കുന്നത്. ഇന്ത്യയെ യൂറോപ്യൻ യൂണിയനുമായി താരതമ്യം ചെയ്തത് ശരിയായില്ല. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. രാഹുൽ ആത്മപരിശോധന നടത്തട്ടെയെന്നും ഹർദീപ് സിംഗ് പുരി പറഞ്ഞു.ഭരണ പ്രതിപക്ഷ ബഹളത്തിൽ പാർലമെന്റ് ഇന്നും പ്രക്ഷുബ്ധമായി. നടപടികൾ ആരംഭിച്ചത് മുതൽ ഷെയിം ഷെയിം രാഹുൽ ഗാന്ധി വിളികളാണ് ഇന്ന് പാർലമെന്റിൽ ഭരണപക്ഷം ഉയർത്തിയത്. എന്നാൽ അപ്പോഴും

അദാനി വിഷയത്തിൽ ജെപിസി അന്വേഷണം വേണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. ബഹളം തുടർന്നതോടെ ഇരുസഭകളും നിർത്തി വച്ചു. അദാനിക്കെതിരായ നീക്കത്തിൽ ചില കക്ഷികളൊഴിച്ച് എല്ലാവരും കോൺഗ്രസിന്റെ കൂടെയാണ്. എന്നാൽ രാഹുലിന്റെ പ്രസ്താവനകളെ ചൊല്ലിയുള്ള വിവാദത്തിൽ ഡി.എം.കെ മാത്രമാണ് പരസ്യപിന്തുണ നൽകുന്നത്. പ്രതിപക്ഷത്തെ ഭിന്നിപ്പിക്കാനും മോദി- രാഹുൽ പോരാട്ടമായി വരുന്ന തെരഞ്ഞെടുപ്പുകളെ മാറ്റാനും ബി.ജെ.പി ശ്രമിക്കുന്നുവെന്നാണ് പ്രതിപക്ഷ പാർട്ടികളുടെ വിലയിരുത്തൽ. രാഹുൽഗാന്ധിയെ നേതാവാക്കി ഉയർത്തുന്നതിനായി പാർലമെന്റ് നടപടികൾപോലും ബി.ജെ.പി തടസപ്പെടുത്തുന്നു. രാഹുലിനെ ഹീറോ ആക്കുകയാണ് ബി.ജെ.പിയുടെ ലക്ഷ്യമെന്നും കോൺഗ്രസ് ഇതിന് നിന്നുകൊടുക്കുന്നതായി മമത ബാനർജിയെ പോലുള്ളവർ ആരോപിക്കുന്നു.

പട്ന റെയിൽവേ സ്റ്റേഷനിലെ ടി.വിയിൽ അശ്ലീല ദൃശ്യങ്ങൾ; പരസ്യ ഏജൻസിക്കെതിരേ നടപടിയെടുത്തു

പട്ന: ബിഹാറിലെ പട്ന റെയിൽവേ സ്റ്റേഷനിലെ ടി.വിയിൽ പരസ്യത്തിനിടെ വന്നത് അശ്ലീല സിനിമാ ദൃശ്യങ്ങൾ. കുട്ടികളും സ്ത്രീകളുമടക്കം നൂറ് കണക്കിന് ആളുകൾ ഉണ്ടായിരുന്ന സമയത്താണ് ടിവിയിൽ അശ്ലീല സിനിമാ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്തത്. ഞായറാഴ്ച രാവിലെ 9.30 ഓടെയാണ് മൂന്ന് മിനിറ്റോളമുള്ള അശ്ലീല ദൃശ്യങ്ങൾ യാത്രക്കാർക്ക് മുന്നിലേക്ക് എത്തിയത്. സ്റ്റേഷനിലെ പരസ്യങ്ങൾ സംപ്രേക്ഷണം ചെയ്യാനുള്ള കരാറിലുണ്ടായിരുന്ന ദത്ത കമ്യൂണിക്കേഷനെതിരേ നടപടി ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ട് റെയിൽവേ. ഏജൻസിക്ക് പിഴയിടുന്നതിന് പിന്നാലെ ഇവരെ കരിമ്പട്ടികയിൽപ്പെടുത്തുകയും ചെയ്തതായി റെയിൽവേ വ്യക്തമാക്കി.അശ്ലീല ദൃശ്യങ്ങൾ പൊതു ടി.വിയിൽ സംപ്രേക്ഷണം ചെയ്ത് കണ്ടതോടെ ആദ്യം ഞെട്ടലിലായ ആർ.പി.എഫ് ഉദ്യോഗസ്ഥർ പരസ്യങ്ങൾ സംപ്രേക്ഷണം ചെയ്യുന്ന കമ്പനിയെ ബന്ധപ്പെട്ടാണ് ടി.വിയിലെ പ്രക്ഷേപണം നിർത്തിപ്പിച്ചത്. യാത്രക്കാരുടെ പരാതിക്ക് പിന്നാലെയായിരുന്നു ഇത്. റെയിൽവേ പോലീസിനെയാണ് ആദ്യം വിവരം അറിയിച്ചതെങ്കിലും നടപടി എടുക്കാൻ കാലതാമസം വന്നുവെന്ന് യാത്രക്കാർ ആരോപിക്കുന്നു. പരസ്യ ഏജൻസിയായ ദത്ത കമ്മ്യൂണിക്കേഷൻസുമായി ഉണ്ടായിരുന്ന കരാർ റെയിൽവേ റദ്ദാക്കിയിട്ടുണ്ട്. സംഭവത്തിൽ റെയിൽവേ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. സ്റ്റേഷനിലെ പ്ലാറ്റ്ഫോം 10 ലായിരുന്നു അശ്ലീല ദൃശ്യങ്ങൾ കാണിച്ചത്. ഇതിൽ ചില ഉദ്യോഗസ്ഥരേയും ചോദ്യം ചെയ്തിട്ടുണ്ട്. അമ്പരപ്പിക്കുന്ന അനാസ്ഥയുടെ വീഡിയോ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ ചിലർ പോസ്റ്റ് ചെയ്യുക കൂടി ചെയ്തതോടെ സംഭവം വിവാദമായിരിക്കുകയാണ്. പത്താമത്തെ പ്ലാറ്റ് ഫോമിൽ മാത്രമാണോ ഈ ദൃശ്യങ്ങൾ വന്നതെന്ന കാര്യത്തിലും അന്വേഷണം നടക്കുകയാണ്.

ജമ്മുകശ്മീരിൽ ആദ്യ വിദേശ നിക്ഷേപമായ ഷോപ്പിങ് മാളിന്റെ തറക്കല്ലിടൽ കർമം ജമ്മു-കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ നിർവഹിച്ചപ്പോൾ

കശ്മീരിൽ 250 കോടി രൂപ മുതൽ മുടക്കിൽ ഷോപ്പിങ് മാൾ വരുന്നു

ശ്രീനഗർ: ജമ്മുകശ്മീരിൽ ആദ്യ വിദേശ നിക്ഷേപമായി ഷോപ്പിങ് മാൾ വരുന്നു. 250 കോടി രൂപ മുതൽമുടക്കിൽ ബുർജ് ഖലീഫയുടെ നിർമാതാക്കളായ ഇമാർ ഗ്രൂപ്പിനാണ് ഷോപ്പിങ് മാളിന്റെ നിർമാണച്ചുമതല. ജമ്മു-കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ കെട്ടിടത്തിന് തറക്കല്ലിട്ടു. കശ്മീരിൽ വികസനം കൊണ്ടുവരിക എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണെന്ന് സിൻഹ അഭിപ്രായപ്പെട്ടു. ഷോപ്പിങ് മാൾ കശ്മീരിൽ പുതിയ വികസന സാധ്യതകൾ കൊണ്ടുവരുമെന്നും ജീവിത നിലവാരം മെച്ചപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.10 ലക്ഷം ചതുരശ്രയടിയിൽ ഒരുങ്ങുന്ന മാൾ 2026 ഓടെ നിർമാണം പൂർത്തിയാക്കുമെന്നാണ് കരുതുന്നത്. 500 ലധികം വ്യാപാര സ്ഥാപനങ്ങൾ മാളിലുണ്ടാകും. ജമ്മുവിൽ ഐ.ടി ടവറും ഉടൻ നിർമാണമാരംഭിക്കുമെന്ന് ശ്രീനഗറിൽ ഇന്ത്യ-യു.എ.ഇ സംരംഭക യോഗത്തിൽ പങ്കെടുത്തുകൊണ്ട് സിൻഹ പറഞ്ഞു.

കൊച്ചിയിലെ പ്രസംഗം; കെ.സുധാകരനെതിരേ കലാപശ്രമത്തിന് കേസ്

കൊച്ചി: കെ.പി.സി.സി അധ്യക്ഷൻ കെ.സുധാകരനെതിരേ കലാപശ്രമത്തിന് കേസ്. കൊച്ചിയിൽ നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലാണ് കെ. സുധാകരനെതിരേ എറണാകുളം സെൻട്രൽ പോലിസ് കലാപ ശ്രമത്തിന് കേസെടുത്തത്. കഴിഞ്ഞ വ്യാഴാഴ്ചയായിരുന്നു പ്രസംഗം. സുധാകരന്റെ പ്രസംഗത്തിന് ശേഷമുള്ള പ്രതിഷേധത്തിൽ മർദനമേറ്റുവെന്ന് കാണിച്ച് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ബാബു അബ്ദുൾ ഖാദർ പോലിസിൽ പരാതി നൽകിയിരുന്നു. ഇതേ തുടർന്നാണ് എറണാകുളം സെൻട്രൽ പോലിസ് കെ.സുധാകരനെതിരേ കേസെടുത്തത്. കൊച്ചി കോർപറേഷൻ സെക്രട്ടറിക്ക് മർദനമേറ്റ കേസിൽ യൂത്ത് കോൺഗ്രസ് നേതാക്കളെ പോലിസ് അറസ്റ്റ് ചെയ്തിരുന്നു. യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി പി.വൈ ഷാജഹാൻ, എറണാകുളം ബ്ലോക്ക് പ്രസിഡന്റ് സിജോ ജോസഫ് എന്നിവരാണ് അറസ്റ്റിലായത്. ഒളിവിൽ പോയ ഇവരെ മൂന്നാറിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. കോൺഗ്രസ് സംഘടനാ ഭാരവാഹിയായ ജെറിൻ ജോസിനെ നേരത്തെ പോലിസ് അറസ്റ്റ് ചെയ്തിരുന്നു. ബ്രഹ്മപുരം തീപിടിത്തുവുമായി ബന്ധപ്പെട്ട് യു.ഡി.എഫിന്റെ നേതൃത്വത്തിൽ നടന്ന കൊച്ചി കോർപ്പറേഷൻ ഓഫിസ് ഉപരോധത്തിനിടെയുണ്ടായ സംഘർഷത്തിലാണ് കോർപറേഷൻ സെക്രട്ടറിക്കും ജീവനക്കാർക്കും പരുക്കേറ്റത്.

'ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നില്ല; പിണറായിക്ക് മോദിയുടെ അതേ മാനസികാവസ്ഥ'; പ്രതിഷേധമുയർത്തി പ്രതിപക്ഷം, സഭ നിർത്തിവച്ചു

തിരുവനന്തപുരം: നിയമസഭയിൽ തുടക്കത്തിലേ പ്രതിഷേധമുയർത്തി പ്രതിപക്ഷം. ചോദ്യോത്തര വേള തുടങ്ങുന്നതിന് മുമ്പ് തന്നെ പ്രതിഷേധവുമായി പ്രതിപക്ഷ അംഗങ്ങൾ നടുത്തളത്തിലിറങ്ങി. പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നില്ല. ഏഴ് പ്രതിപക്ഷ എം.എൽ.എമാർക്കെതിരേ കള്ളക്കേസെടുത്തു. ചർച്ചയ്ക്കുള്ള ഒരു ശ്രമവും ഉണ്ടാകുന്നില്ല, സഹകരിക്കാൻ പറ്റാത്ത സ്ഥിതിയാണ് ഉള്ളത്.രാഹുലിന്റെ വീട്ടിലേക്ക് പോലിസിനെ അയച്ച മോദിയുടെ സമീപനമാണ് സർക്കാരിനെന്നും വി.ഡി സതീശൻ പറഞ്ഞു. നിയമസഭയിലെ തർക്കത്തിൽ സമയവായമില്ലെന്നും ആവശ്യങ്ങൾ അംഗീകരിക്കാതെ വിട്ടുവീഴ്ചയില്ലെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സഭയിൽ ഉന്നയിച്ചു. സഭയിൽ ഒരു ചർച്ചയും നടന്നില്ലെന്ന് കുറ്റപ്പെടുത്തിയ പ്രതിപക്ഷ നേതാവ് പിണറായിക്ക് മോദിയുടെ അതേ മാനസികാവസ്ഥയാണെന്നും വിമർശിച്ചു. പ്രതിഷേധത്തെ തുടർന്ന് നേരത്തേക്ക് നിർത്തിവച്ചു. സഭ നിയമസഭാനടപടികൾ അൽപ നടപടികളുമായി സഹകരിക്കണമെന്ന് സ്പീക്കർ ഇന്ന് പ്രതിപക്ഷ നേതാവിനെ ഫോണിൽ വിളിച്ച് ആവശ്യപ്പെട്ടിരുന്നെങ്കിലും തുടക്കത്തിലെ പ്രക്ഷുബ്ധമായിരുന്നു സഭ. പാർലിമെന്ററികാര്യമന്ത്രി കെ.രാധാകൃഷ്ണനും സതീശനുമായി ഫോണിൽ സംസാരിച്ചു. എന്നാൽ, ഉന്നയിച്ച കാര്യങ്ങളിൽ തീരുമാനമാകാതെ വിട്ടുവീഴ്ചയില്ലെന്നാണ് പ്രതിപക്ഷം അറിയിച്ചത്. പ്ലക്കാർഡുമായിട്ടാണ് പ്രതിപക്ഷം ഇന്ന് സഭയിലെത്തിയത്.

ഭൂതകാലത്തെ മറക്കരുത്: ബജറ്റവതരണത്തിന് ഹിമാചൽ മുഖ്യമന്ത്രിയെത്തിയത് 20 വർഷം പഴക്കമുള്ള ആൾട്ടോ കാറിൽ

ഷിംല: ആഡംബരപ്രിയരായ രാഷ്ട്രീയ നേതാക്കൾക്കിടയിൽ വ്യത്യസ്തനാകുകയാണ് ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്വിന്ദർസിംഗ് സുഖു. തന്റെ ആദ്യ ബജറ്റ് അവതരിപ്പിക്കാൻ അദ്ദേഹം എത്തിയത് 20 വർഷം പഴക്കമുള്ള മാരുതി ആൾട്ടോ കാറിൽ. ഇന്ത്യയിലെ മന്ത്രിമാരും രാഷ്ട്രീയ പ്രവർത്തകരും ഉൾപ്പടെ ആഡംബര കാറുകളിലും മറ്റും ഔദ്യോഗിക യാത്രകൾ നടത്തുമ്പോഴാണ് സുഖ്വിന്ദർ സിംഗ് വ്യത്യസ്തനാകുന്നത്.

ഹിമാചൽ പ്രദേശ് വിധാൻ സഭയിലേക്ക് പഴയ അൾട്ടോയിൽ യാത്ര ചെയ്ത് വരുന്ന മുഖ്യമന്ത്രിയുടെ വീഡിയോ സമൂഹ മാധ്യമങ്ങളിൽ ശ്രദ്ധേയമാവുകയാണ്. ആദ്യമായി എം.എൽ.എ ആയത് മുതൽ തന്നോടൊപ്പം തന്റെ കാറിനേയും കൂട്ടിയെന്നാണ് സുഖ് വിന്ദർസിംഗ് മാധ്യമങ്ങളോട് പറഞ്ഞത്. 'എത്ര ഉയരങ്ങളിലെത്തിയാലും ഒരു മനുഷ്യൻ തന്റെ ഭൂതകാലത്തെ ഒരിക്കലും മറക്കരുത്. കടന്നുവന്ന സാഹചര്യങ്ങൾ, കുടുംബം, സമൂഹം എല്ലാം പ്രചോദനമായി നിലനിൽക്കും', അദ്ദേഹം ട്വിറ്ററിൽ കുറിച്ചു. സുഖ്വിന്ദർ സിംഗിന്റെ ആൾട്ടോ കാർ വിധാൻ സഭയുടെ ഗേറ്റിലെത്തിയപ്പോൾ സുരക്ഷാ ഉദ്യോഗസ്ഥർ തടഞ്ഞെങ്കിലും പിന്നീട് കടത്തിവിടുകയായിരുന്നു. ആൾട്ടോ കാറിൽ എത്തിയ സുഖ്വിന്ദർ സിംഗ് സുഖുവിനൊപ്പം വിദ്യാഭ്യാസമന്ത്രി രോഹിത് ഠാക്കൂറും എം.എൽ.എമാരും ഉണ്ടായിരുന്നു. വിധാൻസഭയിലെത്തിയ മുഖ്യമന്ത്രിയെ ഉപമുഖ്യമന്ത്രി മുകേഷ് അഗ്നിഹോത്രിയും പാർലമെന്ററികാര്യ മന്ത്രി ഹർഷ് വർധൻ ചൗഹാനും ചേർന്ന് സ്വീകരിച്ചു.

ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്വിന്ദർസിംഗ് ആദ്യ ബജറ്റ് അവതരണത്തിനായി ആൾട്ടോ കാറിൽ വിധാൻ സഭയിലെത്തിയപ്പോൾ

ചെലവു ചുരുക്കാനൊരുങ്ങി ഡിസ്നി; പിരിച്ചുവിടാനുള്ള തൊഴിലാളികളുടെ പട്ടിക തയ്യാറാക്കാൻ നിർദേശം

ന്യൂഡൽഹി: ചെലവു ചുരുക്കൽ നടപടിയുടെ ഭാഗമായി പിരിച്ചുവിടാനുള്ള തൊഴിലാളികളുടെ പട്ടിക തയ്യാറാക്കാൻ മാനേജർമാർക്ക് നിർദേശം നൽകി ഡിസ്നി കമ്പനി. അടുത്തമാസത്തോടെ നാലായിരം പേരെ പിരിച്ചുവിടുമെന്ന് റിപ്പോർട്ട്. ഡിസ്നിയിൽ ഏകദേശം 190,000 ജീവനക്കാരുണ്ട്. ആഗോള തലത്തിൽ തന്നെ ടെക്നോളജി, മീഡിയ മേഖലകളിലെ തൊഴിലവസരങ്ങൾ വെട്ടിക്കുറയ്ക്കുന്നതിന് ഇടയിലാണ് ഡിസ്നിയുടെ പിരിച്ചുവിടൽ.കഴിഞ്ഞ നവംബറിൽ മുൻ സി.ഇ.ഒ ബോബ് ചാപെക്കിൽ നിന്ന് കമ്പനിയുടെ സി.ഇ.ഒ റോബർട്ട് ഇഗർ ചുമതലയേറ്റ ഉടൻ തന്നെ ഡിസ്നി ചെലവ് ചുരുക്കലിനും പിരിച്ചുവിടലിനുമുള്ള പദ്ധതി ആരംഭിച്ചതായി സൂചിപ്പിക്കുന്ന റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. അടുത്ത ആഴ്ചകളിൽ പിരിച്ചുവിടൽ തുടങ്ങുമെന്ന് സൂചനകൾ നൽകുന്നതാണ് പുറത്ത് വന്ന റിപ്പോർട്ടുകൾ. ഘട്ടം ഘട്ടമായാണോ പിരിച്ച് വിടുന്നത് എന്ന കാര്യത്തിൽ കമ്പനിയിൽ നിന്ന് ഇതുവരെ അറിയിപ്പൊന്നും പുറത്ത് വന്നിട്ടില്ല. 5.5 ബില്യൺ ഡോളർ ചെലവ് ലാഭിക്കുന്നതിനും ബിസിനസ്സ് ലാഭകരമാക്കുന്നതിനുമുള്ള ശ്രമത്തിന്റെ ഭാഗമായി 7000ത്തോളം ജീവനക്കാരെ പിരിച്ചുവിടുമെന്ന ഡിസ്നി പ്രഖ്യാപിച്ചത്. കമ്പനി അതിന്റെ പ്രധാന ബ്രാൻഡുകളിലേക്കും ഫ്രാഞ്ചൈസികളിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ, ബിസിനസ് കൂടുതൽ ലാഭകരമാക്കാൻ ചെലവ് കുറയ്ക്കുകയല്ലാതെ നിവൃത്തിയില്ല എന്ന് സി.ഇ.ഒ ബോബ് ഐഗറിൻ വ്യക്തമാക്കിയിരുന്നു. പുതിയ പദ്ധതി പ്രകാരം, ഡിസ്നി മൂന്ന് സെഗ്മെന്റുകളായി കമ്പനിയെ തന്നെ പുനഃക്രമീകരിക്കും. ആദ്യത്തേത് ഫിലിം, ടെലിവിഷൻ, സ്ട്രീമിംഗ് എന്നിവ ഉൾക്കൊള്ളുന്ന ഒരു വിനോദ യൂണിറ്റ്, രണ്ടാമത്തേത് സ്പോർട്സ് കേന്ദ്രീകരിച്ചുള്ള ഇ.എസ്.പി.എൻ യൂണിറ്റ്, മൂന്നാമത്തേത് ഡിസ്നി പാർക്കുകൾ. ടെലിവിഷൻ എക്സിക്യൂട്ടീവ് ഡാന വാൾഡനും ഫിലിം ചീഫ് അലൻ ബെർഗ്മാനും വിനോദ വിഭാഗത്തെ നയിക്കും, ജിമ്മി പിറ്റാരോ ഇ.എസ്.പി.എന്നിനെ നയിക്കും.

മോദിയുടെ അതേ പാതയിലാണ് മമതയും: അധിർ രഞ്ജൻ ചൗധരി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിക്കും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിക്കുമെതിരേ രൂക്ഷ വിമർശനവുമായി കോൺഗ്രസ് എം.പി അധീർ രഞ്ജൻ ചൗധരി. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയേയും കോൺഗ്രസിനേയും അപകീർത്തിപ്പെടുത്താൻ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയും പ്രധാനമന്ത്രി നരേന്ദ്രമോദിയും കരാറെടുത്തിരിക്കുകയാണെന്ന് എ.എൻ.ഐക്ക് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. മോദിയുടെ അതേ പാതയിലാണ് മമതയുടേയും സംസാരം. പ്രധാനമന്ത്രിയും ദീദിയും കോൺഗ്രസിനേയും രാഹുലിനേയും അപകീർത്തിപ്പെടുത്താൻ കരാറെടുത്തിരിക്കുകയാണ്. ഇഡിയുടേയും സി.ബി.ഐയുടേയും പരിശോധനയിൽ നിന്ന് മമതക്ക് രക്ഷപ്പെടണം. അതിനാണ് അവർ നിരന്തരം കോൺഗ്രസിനേയും രാഹുലിനേയും ആക്രമിക്കുന്നത്. ഇത് മോദിക്ക് സന്തോഷം നൽകുകയും ചെയ്യുമെന്നും അധിർരഞ്ജൻ ചൗധരി പറഞ്ഞു. പശ്ചിമ ബംഗാളിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരാനിരിക്കെ തൃണമൂലിന്റെ രണ്ടായിരത്തോളം പ്രവർത്തകരും ബി.ജെ.പി പ്രവർത്തകരും കോൺഗ്രസിൽ ചേരുമെന്ന് അധിർ രഞ്ജൻ ചൗധരി പറഞ്ഞിരുന്നു.

മോദിയെ മറ്റു രാഷ്ട്രീയ പാർട്ടിക്കാർ ചോദ്യം ചെയ്യാതിരിക്കാനാണ് രാഹുലിനെതിരേ ബി.ജെ.പി വിമർശനം ഉന്നയിക്കുന്നതെന്ന് മമത ബാനർജി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. മറ്റു വിഷയങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ് പാർലമെന്റിലുൾപ്പെടെ രാഹുലിന്റെ പേര് പറഞ്ഞ് നിരന്തരം പ്രശ്നമുണ്ടാക്കുന്നതെന്നും മമത പറഞ്ഞിരുന്നു.

ദേവീകുളം തെരഞ്ഞെടുപ്പ് റദ്ദാക്കിയ നടപടി; നാളെ അപ്പീൽ നൽകും

സുപ്രീം കോടതിയെ സമീപിക്കാൻ സി.പി.എം

തിരുവനന്തപുരം: ഇടുക്കി ദേവികുളം മണ്ഡലത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരേ സി.പി.എം സുപ്രീംകോടതിയെ സമീപിക്കും. സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റിലാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്. സുപ്രീംകോടതിയിൽ നാളെ തന്നെ അപ്പീൽ നൽകാനാണ് തീരുമാനം. പട്ടികജാതി സംവരണ വിഭാഗത്തിൽപ്പെട്ട ദേവികുളം മണ്ഡലത്തിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് രാജ സ്ഥാനാർത്ഥി ഡി. കുമാറി മത്സരിച്ചതെന്ന യു.ഡി.എഫ് ന്റെ ഹർജി അംഗീകരിച്ചാണ് ഹൈക്കോടതിയുടെ നടപടി. ഇത് രണ്ടാം തവണയാണ് ദേവികുളം മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് അസാധുവാക്കപ്പെടുന്നത്. നിയമസഭാ സമ്മേളനം നടക്കുന്നതിനിടെയാണ് ഇടതുമുന്നണിക്ക് തിരിച്ചടിയായി ഹൈക്കോടതിയിൽ നിന്ന് ഉത്തരവെത്തിയത്. ദേവികുളം മണ്ഡലത്തിൽ നിന്ന് എം.എൽ.എയായി നിയമസഭയിലെത്തിയ എ.രാജയുടെ വിജയവും ഹൈക്കോടതി അസാധുവാക്കി. ക്രിസ്ത്യൻ മതാചാരം പിന്തുടരുന്ന രാജയ്ക്ക് പട്ടിക ജാതി സംവരണ മണ്ഡലത്തിൽ മത്സരിക്കാൻ അർഹതയില്ലെന്നായിരുന്നു ഹർജിയിലെ പ്രധാനവാദം. പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവരാണെന്നും മാട്ടുപ്പെട്ടി കുണ്ടള ഈസ്റ്റ് ഡിവിഷനിലെ സി.എസ്.ഐ പള്ളിയിൽ മാമ്മോദീസാ സ്വീകരിച്ചവരാണ് രാജയുടെ മാതാപിതാക്കളെന്നും രാജയും അതേ മതത്തിൽപ്പെട്ടതാണെന്നും ഹർജിയിലുണ്ടായിരുന്നു. ഇത് അംഗീകരിച്ചാണ് ഹൈക്കോടതി ഉത്തരവ്.

ലിവ് ഇൻ റിലേഷനുകൾക്ക് രജിസ്ട്രേഷൻ: ബുദ്ധിശൂന്യമായ ആവശ്യമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ലിവ് ഇൻ റിലേഷനുകൾക്ക് രജിസ്ട്രേഷൻ ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീം കോടതി തള്ളി. രജിസ്ട്രേഷൻ ആവശ്യപ്പെടുന്നതിലൂടെ ഹർജിക്കാരൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ചോദിച്ചു. രൂക്ഷമായ വിമർശനത്തോടെ ഹർജി തള്ളിയ കോടതി ലിവ് ഇൻ ബന്ധങ്ങൾ തടയുകയാണോ ഹർജിക്കാരന്റെ ലക്ഷ്യം എന്ന് ചോദിച്ചു. ശ്രദ്ധ കൊലപാതകം അടക്കമുള്ള വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് ലിവ് ഇൻ റിലേഷനിൽ നിർബന്ധമായ രജിസ്ട്രേഷൻ വേണമെന്നും ചട്ടങ്ങൾ വേണമെന്നും ആവശ്യപ്പെട്ടായിരുന്നു കോടതിയെ സമീപിച്ചത്. ലിവ് ഇൻ റിലേഷൻഷിപ്പിൽ ഏർപ്പെടുന്നവരെ സംരക്ഷിക്കുകയാണോ അതോ അവരെ അത്തരം ബന്ധങ്ങളിൽ ഏർപ്പെടുന്നത് തടയുകയാണോ ലക്ഷ്യമെന്നായിരുന്നു കോടതിയുടെ ചോദ്യം. ബുദ്ധി ശൂന്യമായ ഹർജിയാണെന്നും പിഴ ചുമത്തേണ്ടതാണെന്നും പറഞ്ഞാണ് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് ഈ ഹർജി തള്ളിയത്.

'താമര മതചിഹ്നം; ഉപയോഗിക്കുന്ന പാർട്ടികളുടെ രജിസ്ട്രേഷൻ റദ്ദാക്കണം'

ന്യൂഡൽഹി: താമര ഹിന്ദുമതവുമായി ബന്ധപ്പെട്ട ചിഹ്നമാണ്. അതിനാൽ അത് ഉപയോഗിക്കുന്ന പാർട്ടികളുടെ രജിസ്ട്രേഷൻ റദ്ദാക്കണമെന്ന് മുസ്ലിം ലീഗ് സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചു. ഉത്തർപ്രദേശ് ശിയാ വഖഫ് ബോർഡ് മുൻ ചെയർമാൻ സയ്യിദ് വസീം റിസ്വിയാണ് കോടതിയെ സമീപിച്ചത്. താമര മതചിഹ്നമായതിനാൽ മതചിഹ്നം ഉപയോഗിക്കുന്ന ബി.ജെ.പിയെ കേസിൽ കക്ഷി ചേർക്കുണമെന്ന് മുസ്ലിം ലീഗ് ഹർജിയിൽ ആവശ്യപ്പെട്ടു. മതവുമായി ബന്ധപ്പെട്ട പേരും ചിഹ്നവും ഉപയോഗിക്കുന്ന രാഷ്ട്രീയ പ്പാർട്ടികളുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന് നിർദേശം നൽകണമെന്നായിരുന്നു ഹർജിയിലെ ആവശ്യം. എന്നാൽ, മതപരമായ പേരുകളും ചിഹ്നങ്ങളും എല്ലാ പാർട്ടികളെയും കേസിൽ കക്ഷി ചേർക്കണമെന്ന് റിസ്വിയോട് സുപ്രീം കോടതി നിർദേശിച്ചിരുന്നു. മുസ്ലിം ലീഗ്, ആൾ ഇന്ത്യ മജ്ലിസെ, ഇത്തിഹാദുൽ മുസ്ലിമീൻ എന്നീ രണ്ട് പാർട്ടികളെ മാത്രമാണ് റിസ്വി കേസിൽ കക്ഷി ചേർത്തത്.

ശാസ്ത്രത്തെ അധികാര ശക്തികളിൽനിന്ന് മുക്തമാക്കി ജനോപകാരപ്രദമാക്കണം: കെ.പി രാമനുണ്ണി

കോഴിക്കോട്: കൊവിഡ് മനുഷ്യരാശിക്ക് വലിയ തിരിച്ചറിവുകളാണ് നൽകുന്നതെന്നും പാഠമുൾക്കൊണ്ട് മുന്നോട്ട് പോയിട്ടില്ലെങ്കിൽ മനുഷ്യ വംശത്തിന്റെ നിലനിൽപ്പ് അപകടത്തിലാണെന്നും പ്രശസ്ത എഴുത്തുകാരൻ കെ.പി രാമുനണ്ണി പറഞ്ഞു. പി.പി ഉമ്മർകോയയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച ചടങ്ങിൽ 'അതിജീവനം; കൊവിഡ് നൽകിയ തിരിച്ചറിവുകൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കൊവിഡ് കാലത്ത് ശാസ്ത്രനേട്ടങ്ങൾ അധികാര ശക്തികൾ നിക്ഷിപ്ത താൽപര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ലോകം ദർശിച്ചതാണ്. ഭരണകൂടത്തിന് നേതൃത്വം കൊടുക്കുന്നവർ പകതയോടെ ഇടപെടണമായിരുന്നു. രാഷ്ട്രീയ ഭരണകൂടങ്ങളുടെ പോരായ്മകളും ജനം തിരിച്ചറിഞ്ഞു. പകർച്ചവ്യാധികളെ നേരിടുന്നതിൽ മുതലാളിത്തം ഒരു ദുരന്തമായി മാറി. അമേരിക്കയിലടക്കം വെന്റിലേറ്റർ ലഭിക്കാതെ ആളുകൾ മരണപ്പെട്ടു. മുതലാളിത്തം ആരോഗ്യ മേഖലയിൽ ഇൻവെസ്റ്റ് മെന്റ് ചെയ്യുമ്പോൾ കൂടുതൽ ലാഭകരമായ മേഖലകളിൽ നിക്ഷേപമിറക്കിയതിന്റെ പരിണിത ഫലംകൊണ്ടാണ് ഇത് സംഭവിച്ചത്. മേജറായ ശസ്ത്രക്രിയകൾക്കും ട്രീറ്റ്മെന്റിനും സൗകര്യമൊരുക്കുമ്പോൾ പകർച്ചവ്യാധികളെ തടയാൻ സാധിച്ചില്ല. ഇത് മുതലാളിത്തത്തിന്റെ ദുരന്തമുഖമാണ് വിളിച്ചോതുന്നത്. കൊവിഡ് കാലം മനുഷ്യനിൽ മൂല്യചിന്തകളുണ്ടാക്കി. എന്നാൽ കൊവിഡ് മാറുന്ന ഘട്ടമെത്തിയപ്പോൾ നാം പഴയത് മറക്കരുത്. ശാസ്ത്രീയ-ആത്മീയ-രാഷ്ട്രീയ, പ്രത്യയശാസ്ത്ര-തത്വചിന്താപരമായ തിരിച്ചറിവുകളാണ് കൊവിഡ് നൽകിയത്. മുൻപും മഹാമാരികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അത് ഏതെങ്കിലും പ്രദേശത്ത് ഒതുങ്ങാറുണ്ടായിരുന്നു. കൊവിഡ് ലോകം മുഴുവൻ ഭീതിയിലാക്കി. ദുരന്തം വരുമ്പോൾ ഉണ്ടാകുന്ന നന്മകൾ പിൽക്കാലത്തും തുടരാനാകണം. വാക്സിനുകൾക്കെതിരേയും പ്രചരണമുണ്ടായി. ഒരുകാലത്ത് ഹൃദയ ശസ്ത്രക്രിയ എന്ന് കേൾക്കുമ്പോൾ ചിലർ പറഞ്ഞിരുന്നത് 'ഹൃദയം ഒരു പരിപാവനമായ സ്ഥലമാണ്, അവിടെ ചികിത്സ വേണ്ടെന്നാണ്'. കൊവിഡ്കാലത്തും ഇത്തരം അശാസ്ത്രീയമായ വാദഗതികൾ ഉയർത്തിയ വരുണ്ട്. കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം മെച്ചമായതിനാലാണ് മരണനിരക്ക് കുറയ്ക്കാനായത്. മറ്റ് ജീവികളുടെ ആവാസവ്യവസ്ഥയിലേക്ക് മുനുഷ്യൻ കടന്നുകയറിയാൽ ഇത്തരം ദുരന്തങ്ങൾ ഇനിയുമുണ്ടാകും. വൈക്കം മുഹമ്മദ് ബഷീറിന്റെ വീട്ടിൽ ചെന്നാൽ ചായതരും. നമ്മുടെ കൂടെ ചായ കുടിക്കുന്ന ബഷീർ, ചായ കുടിച്ച ശേഷം ഗ്ലാസ് കമഴ്ത്തിവയ്ക്കും. അതെന്തിനാണന്ന് ചോദിച്ചപ്പോൾ 'അതിൽ വല്ല പ്രാണിയോ, ഈച്ചയോ വന്ന് അപകടത്തിൽപ്പെടേണ്ടായെന്നും, ഗ്ലാസ് കമഴ്ത്തിവയ്ക്കുമ്പോൾ ബാക്കിയുള്ള അവശിഷ്ടം വല്ല ഉറുമ്പുകൾക്കോ മറ്റും വിശപ്പടക്കാൻ ഉപകരിക്കു'മെന്നാണ് പറഞ്ഞത്. പ്രവാചകനായ മുഹമ്മദ് നബി യുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ വഴിയിരികിലുണ്ടായിരുന്ന പട്ടിക്ക് പ്രസവിക്കാൻ വേണ്ടി സൗകര്യമൊരുക്കിയതിൽ നിന്നെല്ലാം, മറ്റ് ജീവികളോട് നാം പുലർത്തേണ്ട പരിഗണന വ്യക്തമാക്കപ്പെടുകയാണ്. വികസനമെന്നാൽ ഭൗതികമായ വികസനം മാത്രമല്ല. അത് ബുദ്ധിപരമായതും മാനസികപരമായതും അത്മീയപരമായതുമായ വികസനമാണ്. വലിയ കാറും വീടുമല്ല വികസനം. പ്രകൃതി വിഭവങ്ങൾ ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ പ്രകൃതി നമ്മെ കൈവിടും. ആദർശപരമായ ഔന്നിത്യമാണ് നമുക്ക് വേണ്ടത്. ഇതിന് മകുടോദാഹരണമാണ് പി.പി ഉമ്മർകോയ. ആദർശ രാഷ്ട്രീയത്തിന്റെ മൂല്യത്തിന്റെ പ്രയോഗമാണ് കാലം ആവശ്യപ്പെടുന്നത്. രാഷ്ട്രീയ രംഗത്ത് അന്യമായി കൊണ്ടിരിക്കുന്ന മൂല്യങ്ങൾ തിരിച്ചുപിടിക്കാൻ പി.പി ഉമ്മർകോയയുടെ ജീവിത ദർശനം സ്വായത്തമാക്കണമെന്നദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ ഫൗണ്ടേഷൻ പ്രസിഡന്റ് കെ.വി കുഞ്ഞഹമ്മദ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ.എ അസീസ് സ്വാഗതവും വി.പി അബ്ദുൾ ഗഫൂർ നന്ദിയും പറഞ്ഞു.

പി.പി ഉമ്മർകോയയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച ചടങ്ങിൽ 'അതിജീവനം; കൊവിഡ് നൽകിയ തിരിച്ചറിവുകൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുന്ന കെ.പി രാമനുണ്ണി

ഇൻഡോ-അറബ് കോൺഫെഡറേഷൻ കൗൺസിൽ അവാർഡ് വിതരണ ചടങ്ങിൽ നിന്ന്

ഇൻഡോ – അറബ് കോൺഫെഡറേഷൻ കൗൺസിൽ അവാർഡുകൾ വിതരണം ചെയ്തു

പനജി: ഇൻഡോ-അറബ് കോൺഫെഡറേഷൻ കൗൺസിൽ ഗ്ലോബൽ എൻ.ആർ.ഐ മീറ്റ് ഗോവ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടത്തി. ഗവർണർ പി.എസ് ശ്രീധരൻപിള്ള ഉദ്ഘാടനവും അവാർഡ് സമർപ്പണവും നടത്തി. പഞ്ചായത്ത് ആന്റ് ട്രാൻസ്പോർട്ട് മന്ത്രി മൗവിൻ ഗോഡിനോ മുഖ്യാതിഥിയായിരുന്നു. ഐ.എ.സി.സി ഗ്ലോബൽ പ്രസിഡന്റ് എൻ. കെ ഭൂപേഷ്ബാബു അധ്യക്ഷത വഹിച്ചു. പവിഴം ഗ്രൂപ്പ് ചെയർമാൻ എൻ.പി ജോർജ്, എമിറേറ്റ്സ് സ്റ്റീൽ ട്യൂബ്സ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ് ഡയരക്ടർ സി.ബി.വി സിദ്ദീഖ്, ജീവകാരുണ്യപ്രവർത്തകൻ നാസർമാനു, സാമൂഹിക-സാംസ്കാരിക പ്രവർത്തകൻ രാജു നമ്പ്യാർ എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. ഇൻഡോ-അറബ് കോൺഫെഡറേഷൻ കൗൺസിലിന്റെ ഭവന നിർമാണ പദ്ധതിയുടെ രൂപരേഖ ഗവർണർ, സ്വാമി രാജൻ എടയാടിക്ക് നൽകി പ്രകാശനം ചെയ്തു. മലയാള വാണിജ്യം പീപ്പിൾസ് റിവ്യൂ സ്പെഷ്യൽ പതിപ്പുകൾ ചടങ്ങിൽ പ്രകാശനം ചെയ്തു.ജനറൽ സെക്രട്ടറി ആറ്റക്കോയ പള്ളിക്കണ്ടി, ഗ്ലോബൽ പ്രസിഡന്റ് എം.വി കുഞ്ഞാമു,ഓർഗനൈസിങ് സെക്രട്ടറി കോയട്ടി മാളിയേക്കൽ പ്രസംഗിച്ചു.

എം.സി.എച്ച് സുരക്ഷാ ട്രസ്റ്റ് നൽകുന്ന മെഡിക്കൽ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം എം.കെ രാഘവൻ എം.പി നിർവഹിക്കുന്നു

എം.സി.എച്ച് സുരക്ഷാ ട്രസ്റ്റ് മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്തു

കോഴിക്കോട്: വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജീവകാരുണ്യ പ്രവർത്തന രംഗത്ത് പ്രവർത്തിച്ചുവരുന്ന എം.സി.എച്ച് സുരക്ഷാ ട്രസ്റ്റിന്റെ നേതൃത്വത്തിൽ മെഡിക്കൽ ഉപകരണങ്ങളുടെ വിതരണം നടത്തി. എം.കെ. രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു. എം.സി.എച്ച് ട്രസ്റ്റ് ചെയർമാൻ പി.അബ്ദുൽ മജീദ് അധ്യക്ഷത വഹിച്ചു. പി.എ മൊയ്തുട്ടി മൗലവി (വയനാട്) മെഡിക്കൽ കോളേജ് വികസന സമിതി അംഗം കെ.എൻ. അനിൽകുമാർ , ജെ.ഡി.എസ് ജില്ലാ പ്രസിഡന്റ് കെ.കെ അബ്ദുള്ള, സകരിയ്യ പള്ളിക്കണ്ടി, റസിയ കണിയാമ്പറ്റ , ഇ.എം മുഹമ്മദ് കുട്ടി (മലപ്പുറം) മൂസകോയ കെ.കെ, ടി.കെ ബാലഗോപാൽ, ടി.കെ മുഹമ്മദ് കോയ ചെറൂപ്പ, ഒ.പത്മനാഭൻ , കെ.മുഹമ്മദ് ബഷീർ, ടി.വി.എം റിയാസ് എന്നിവർ സംസാരിച്ചു.

കേന്ദ്ര സർക്കാരിന്റെ കർഷകദ്രോഹ നയം; ജനതാദൾ എസ് ധർണ നടത്തി

കോഴിക്കോട്: കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന കർഷകദ്രോഹ നയങ്ങൾക്കെതിരേ ജനതാദൾ എസ് കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബി.എസ്.എൻ.എൽ ഓഫിസിന് മുന്നിൽ ധർണ നടത്തി. മുൻ മന്ത്രി സി.കെ നാണു ധർണ സമരം ഉദ്ഘാടനം ചെയ്തു. കാർഷിക ഉൽപന്നങ്ങളുടെ ഇറക്കുമതിയിലുള്ള നിയന്ത്രണം എടുത്തു കളയുകയും ഇറക്കുമതിയെ കുത്തകൾക്ക് വേണ്ടി പ്രോത്സാഹിപ്പിക്കുകയും, ഹൈപ്പർ മാർക്കറ്റുകൾ വഴി വിദേശ കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുകയും, കർഷകർക്ക് അവകാശപ്പെട്ട സബ്സിഡികൾ നിർത്തലാക്കുകയും രാജ്യത്ത് ഉൽപാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളുടെ വില ഗണ്യമായ രീതിയിൽ കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ രാജ്യത്തിന്റെ നെടുംതൂണായി പ്രവർത്തിക്കേണ്ട കർഷകർ കൂട്ടത്തോടെ ആത്മഹത്യ ചെയ്യുന്ന സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നതെന്ന് സി.കെ നാണു അഭിപ്രായപ്പെട്ടു.

കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി അവസാനിപ്പിക്കുക, കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില വർധിപ്പിക്കുക, പാചക വാതക സിലിണ്ടറിന്റെ വില കുറക്കുക, കേരളത്തോട് കാണിക്കുന്ന കേന്ദ്ര അവഗണന അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ജനതാദൾ എസ് കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബി.എസ്.എൻ .എൽ ഓഫീസിനു മുന്നിൽ ധർണ സംഘടിപ്പിച്ചത്. ജനതാദൾ എസ് ജില്ലാ പ്രസിഡന്റ് കെ.കെ അബ്ദുല്ല ,അധ്യക്ഷത വഹിച്ചു. കെ.ലോഹ്യ, അസീസ് മണലൊടി, പി.ടി ആസാദ്, കെ.എൻ അനിൽകുമാർ , റഷീദ് മുയിപ്പോത്ത്, ടി.എൻ.കെ ശശീന്ദ്രൻ , പി.പി മുകുന്ദൻ വി. എം ആഷിക്, പി.കെ കബീർ, ബിജു കായക്കൊടി, അഡ്വ. ജയകുമാർ , ലൈല, ബാലഗോപാലൻ എന്നിവർ സംസാരിച്ചു. എൻ.കെ സജിത്ത്, ടി.എ അസീസ്, അഡ്വ. ജയകുമാർ , അഡ്വ. ബെന്നി ജോസഫ് , കെ.പി അബൂബക്കർ , എൻ.എസ് കുമാർ, കെ.കെ രവീന്ദ്രൻ , ഗോൾഡൻ ബഷീർ, കെ.പ്രകാശൻ, അഷറഫ്.പി, മുഹമ്മദ് അലി, ദിനേശ് കാപ്പുങ്കര, ബീരാൻ കുട്ടി, റുഫാസ്, സി.കെ സുധീർ എന്നിവർ ധർണക്ക് നേതൃത്വം നൽകി.

കേന്ദ്ര സർക്കാരിന്റെ കർഷകദ്രോഹ നയങ്ങൾക്കെതിരേ ജനതാദൾ എസ് കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബി.എസ്.എൻ.എൽ ഓഫിസിന് മുന്നിൽ നടത്തിയ ധർണ

'തീ' പേടിയിൽ പന്തക്കൽ പ്രദേശം

ചാലക്കര പുരുഷു

മാഹി: ഭീതിയുടെ നിഴലിൽ ഒരു ഗ്രാമം. കേവലം ഒന്നര ചതുരശ്ര കിലോമീറ്റർ വിസ്തീർണം മാത്രമുള്ള ഒരു ചെറിയ റവന്യൂ വില്ലേജായ മയ്യഴിയിലെ വടക്കൻ അതിർത്തിയിലെ പന്തക്കൽ ഗ്രാമം ഇന്ന് കടുത്ത ഭീതിയുടെ നിഴലിലാണ്. ജനസാന്ദ്രത കൂടിയ ഈ പ്രദേശത്ത് ഇപ്പോൾ തന്നെ എട്ട് പെട്രോൾ പമ്പുകളും, 20 വിദേശ മദ്യഷോപ്പുകളും അവയുടെ മുപ്പതിലധികം ഗോഡൗണുകളും ഒമ്പത് സ്ഥിര ലൈസൻസുള്ള പടക്ക കടകളുമുണ്ട്.ഇവയിലെല്ലാം കൈകാര്യം ചെയ്യുന്നത് എളുപ്പം തീ പിടിക്കുന്ന വസ്തുക്കളാണെന്നത് ആശങ്കയുടെ ആക്കം കൂട്ടുന്നു. ചരിത്രത്തിലില്ലാത്ത വിധത്തിൽ ചൂട് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ തീ കൊണ്ടുള്ള അപകടങ്ങൾക്ക് സാധ്യത ഏറെയാണ്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽ ഒരു ഡസനിലധികം വെടിമരുന്ന് അപകടങ്ങളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. നൂറിലധികം പേർക്ക് ജീവഹാനി സംഭവിച്ച പുറ്റിങ്ങൽ ദുരന്തവും കോഴിക്കോട് മിഠായിത്തെരുവിനെ ചാമ്പലാക്കിയ തീപിടിത്തവും നടുക്കുന്ന ഓർമകളായി ജനങ്ങൾക്കിടയിലുണ്ട്. ഇതിനിടയിലാണ് പുതുതായി 39 പടക്ക കടകൾ കൂടി തുടങ്ങാനുള്ള അപേക്ഷകൾ മാഹി ഭരണകൂടം പരിഗണിക്കുന്നത്. ഇതിൽ മുപ്പതോളം കടകൾ പന്തക്കൽ പ്രദേശത്താണ് എന്നത് പ്രശ്നം കൂടുതൽ ഗുരുതരമാക്കുന്നു. അങ്ങനെ വരുമ്പോൾ മാഹി പ്രദേശത്തെ ആകെയുള്ള 51 കടകളിൽ 40 എണ്ണവും പന്തക്കൽ പ്രദേശത്ത് കേന്ദ്രീകരിക്കപ്പെടും. മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പല കടകളും അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പടക്കങ്ങൾ സംബന്ധിച്ച് സുപ്രീം കോടതിയുടേത് ഉൾപ്പെടെ നിരവധി നിർദേശങ്ങൾ നിലവിലുണ്ട്. അത് നടപ്പിലാക്കാൻ ഭരണകൂടം ബാധ്യസ്ഥരാണ്.



കവി പി.പി ശ്രീധരനുണ്ണിയുടെ 'ഇദം സർവ്വം മമ' എന്ന കാവ്യസമാഹാരം നോവലിസ്റ്റ് യു.കെ കുമാരൻ, ഡോ.കെ സുഗതന് നൽകിക്കൊണ്ട് പ്രകാശനം ചെയ്യുന്നു

പി.പി ശ്രീധരനുണ്ണിയുടെ 'ഇദം സർവ്വം മമ' എന്ന കാവ്യസമാഹാരം പ്രകാശനം ചെയ്തു

കോഴിക്കോട്: കാലിക്കറ്റ് ബുക്ക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് സെക്കന്റ് പെൻ ഐ.എം.എയുടെ സഹകരണത്തോടെ ഐ.എം.എ ഹാളിൽ വച്ച് കവി പി.പി ശ്രീധരനുണ്ണിയുടെ 'ഇദം സർവ്വം മമ' എന്ന കാവ്യസമാഹാരം നോവലിസ്റ്റ് യു.കെ കുമാരൻ, ഡോ.കെ സുഗതന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഹാസ്യ രചനകൾ വിരളമായികൊണ്ടിരിക്കുന്ന ഘട്ടത്തിൽ 'ഇദം സർവ്വം മമ' എന്ന ഹാസ്യകവിതാ സമാഹാരം സാമൂഹത്തിലെ ഒട്ടനവധി പ്രശ്നങ്ങൾക്കുനേരെയാണ് വിരൽചൂണ്ടുന്നതെന്ന് യു.കെ കുമാരൻ പറഞ്ഞു. പട്ടാപ്പകൽ കൈയ്യിൽ ഒരു റാന്തൽ വിളക്കുമായി സത്യസന്ധനായ ഒരു മനുഷ്യനെ കണ്ടെത്താൻ അലഞ്ഞ ഗ്രീക്ക് തത്വചിന്തകൻ ഡയോജനീസിനെപോലെ ആ കർത്തവ്യം സ്വയം ഏറ്റെടുക്കുകയാണ് ശ്രീധരനുണ്ണി. ആത്മ രതിയിലഭിരമിക്കുന്ന ഒരു അരാഷ്ട്രീയ സമൂഹവും അവർ സൃഷ്ടിച്ച സർക്കാരുകളും ഇവയ്ക്കെനു സ്വതമായി പരുവപ്പെട്ട ബ്യൂറോക്രസിയും മുഖം നഷ്ടപ്പെട്ട നാലാംതൂണും മലീമസമായ സാമൂഹ്യ മാധ്യമങ്ങളും അന്തസാര ശൂന്യങ്ങളായ പ്രസ്ഥാനങ്ങളും അന്ധവിശ്വാസങ്ങളിലും ആചാരങ്ങളിലും ആണ്ടുപോയ അഭ്യസ്തവിദ്യരും ഏതോ സുരക്ഷിത പക്ഷങ്ങളിൽ കൂടുകൂട്ടിക്കഴിഞ്ഞ സാഹിത്യ-സാംസ്കാരിക നായകന്മാരും വാഴുന്ന സമൂഹത്തിനുമുന്നിൽ നിശബ്ദമാക്കപ്പെട്ട ഗാന്ധി ശബ്ദമാണ് മുഖംമൂടിയണിഞ്ഞ് ഈ കവിതകളിലൂടെ നിർത്താതെ ശ്രീധരനുണ്ണി പറയുന്നത് എന്ന് പുസ്തക പരിചയം നടത്തിക്കൊണ്ട് എ.എസ് ഹരീന്ദ്രനാഥ് പറഞ്ഞു. 'ഒന്നും എന്റെ അല്ല' എന്ന മഹത്തായ ദർശനത്തെ 'എല്ലാം എന്റേതാണ്' എന്ന പുതിയ കാലത്തെയാണ് കവി വിമർശിക്കുന്നതെന്ന് ഡോ. കെ.സുഗതൻ പറഞ്ഞു. ടി.പി മമ്മു അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ.എൻ.എം സണ്ണി, കെ.ജി.രഘുനാഥ്, മോഹനൻ പുതിയോട്ടിൽ, ഷിയാസ് മുഹമ്മദ്, സി.പി.എം അബ്ബു റഹ്മൻ , ദീപാ രഘുനാഥ് എന്നിവരും പുസ്തക ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

കുനിമ്മൽ താഴം ക്രോസിംഗിൽ അടിപ്പാത അനുവദിക്കണം; രാപ്പകൽ സമരം ആരംഭിച്ചു

കോഴിക്കോട്: മൊകവൂർ എൻ.എച്ച് അടിപ്പാത ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ ദേശീയപാതയിൽ കുനിമ്മൽ താഴം ക്രോസിംഗിൽ അടിപ്പാത അനുവദിക്കുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് സമരപരിപാടികളുടെ അഞ്ചാംഘട്ടമായി രാപ്പകൽ സമരം ആരംഭിച്ചു. സമരപരിപാടി കോർപ്പറേഷൻ കൗൺസിലർ എസ്. എം തുഷാര ഉദ്ഘാടനം ചെയ്തു. സമിതി ചെയർമാൻ പി.ചന്തു അധ്യക്ഷത വഹിച്ചു. കൺവീനർ സി. അനിൽകുമാർ, കെ.പി രാവുണ്ണികുട്ടി, മുൻ ചെയർമാൻ കെ.ടി അരവിന്ദാക്ഷൻ, സി. പ്രശോഭ് (ബി.ജെ.പി.), ഒ.കെ.യു നായർ,(കോൺഗ്രസ്), സുധാകരൻ അടിച്ചാടത്ത് (എൻ.സി.പി.) , വി.പി.മനോജ്(നാലാം വാർഡ് കൗൺസിലർ), സി.വി ആനന്ദ് കുമാർ (സി.പി.എം), റസിഡന്റ്സ് അസോസിയേഷനുകളെ പ്രതിനിധീകരിച്ച് വി.ടി.രമേശ് ബാബു, ജയകൃഷ്ണൻ. പി , ടി.എസ് പ്രേമ, കെ. അശോകൻ , കെ.പീതാംബരൻ നായർ, ശൈലജ ജയകൃഷ്ണൻ, വി.സഹദേവൻ, കെ.വാസുദേവൻ, കെ.വേലായുധൻ എന്നിവർ സംസാരിച്ചു.

'നമ്പൂതിരിപ്പാടിനെ നമ്പൂതിരി ക്യാൻവാസിൽ പകർത്തിയപ്പോൾ...'

ചാലക്കര പുരുഷു

ഇ.എം.എസിനെ ക്യാൻവാസിലേക്ക് പകർത്തുന്ന ആർട്ടിസ്റ്റ് നമ്പൂതിരി

മാഹി: ലോകത്തിലാദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിലേറിയ മഹാനായ കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് ഇ.എം.എസ്, ലോകത്തിലെ തന്നെ രേഖാചിത്ര മെഴുത്തിലെ അതികായനായ ആർട്ടിസ്റ്റ് നമ്പൂതിരിക്ക് മുന്നിൽ ഏതാനും മിനിട്ടുകൾ കൊച്ചു കുട്ടിയെപ്പോലെ ഇരുന്നുകൊടുത്തത് മയ്യഴിക്ക് ഒരിക്കലും മറക്കാനാവില്ല. 1990 കളുടെ തുടക്കത്തിലാണ് ഈ അപൂർവ സന്ദർഭമൊരുങ്ങിയത്. വരയുന്നയാളും വരയ്ക്കപ്പെടുന്ന ആളും നല്ല ഗൗരവത്തിലായിരുന്നു. പുരോഗമന കലാസാഹിത്യ സംഘത്തിന്റെ സംസ്ഥാന ചിത്രകലാ ക്യാമ്പിനോടനുബന്ധിച്ചാണ് ഇ.എം.എസ്. മയ്യഴിയിലെത്തിയത്. ഗാന്ധിജിയും, ശ്രീനാരായണ ഗുരുവും, വാഗ്ഭടാനന്ദനും വന്ന മയ്യഴിക്കാരുടെ ആദിതീയ്യ ക്ഷേത്രത്തിന്റെ അതേ ചരിത്ര ഭൂമികയിൽ തന്നെയാണ്, രാജ്യം കണ്ട എക്കാലത്തേയും മഹാനായ ആ കമ്മ്യണിസ്റ്റുമെത്തിയത്. സമ്മേളനത്തിന്റെ ഇടവേളയിലാണ് ആർട്ടിസ്റ്റ് നമ്പൂതിരി ഇ.എം.എസിന്റെ നിമിഷ രേഖാചിത്രം ക്യാൻവാസിൽ ആലേഖനം ചെയ്തത്. ദാർശനികതയിൽ വിളക്കിയെടുത്ത ഭാവവും, പ്രകാശഭരിതമായ കണ്ണുകളും, എളിമയുടെ രാജഭാവവുമെല്ലാം തെളിഞ്ഞു നിന്ന ചിത്രം ആർട്ടിസ്റ്റ്നമ്പൂതിരിയുടെ കലാ ജീവിതത്തിലെ തന്നെ അമൂല്യ രചനയായി പ്പെടുകയുണ്ടായി. പി.ഗോവിന്ദപ്പിള്ള , എം.വി.ദേവൻ, പ്രൊഫ. എം.എൻ വിജയൻ , ഡോ.കെ.പി മോഹനൻ തുടങ്ങിയ പല പ്രമുഖരും അപൂർവമായ ഈ സമാഗമത്തിന് സാക്ഷികളായിരുന്നു. 1994 മെയ് 31ന് ആരാലും ക്ഷണിക്കപ്പെടാതെ, കേട്ടറിഞ്ഞ കൗതുകത്തിൽ ഇ.എം.എസ് മലയാള കലാഗ്രാമത്തിലേക്ക് കയറിവരികയായിരുന്നു. ലോകപ്രശസ്തരായ ഒട്ടേറെ പ്രതിഭകൾ ഇവിടം സന്ദർശിച്ചിട്ടുണ്ടെങ്കിലും, അവരൊക്കെ ക്ഷണിക്കപ്പെട്ട് വന്നെത്തിയവരായിരുന്നു. എന്നാൽ, ശാരീരികാവശതകളേറെയുണ്ടായിട്ടും, സ്വന്തം ആഗ്രഹത്താൽ ഇവിടെ വന്നെത്തിയ ഈ മഹാമേരുവിന് മുന്നിൽ അന്ന് കലാഗ്രാമം ശിരസ്സ് നമിക്കുകയായിരുന്നു. ചെറുകുന്നിന് മുകളിലുള്ള എം.ഗോവിന്ദൻ ഓഡിറ്റോറിയമടക്കം ഇ.എം.എസ് നടന്നു കാണുകയും, കലയുടെ തീർത്ഥക്കരയിലെത്തിയതിന്റെ അനുഭൂതി സന്ദർശക പുസ്തകത്തിൽ എഴുതി വയ്ക്കുകയും കൈയ്യൊപ്പ് ചാർത്തുകയും ചെയ്തു. കോടിയേരി ബാലകൃഷ്ണനും ടി.ടി.കെ.ശശിയും വി.മുകുന്ദനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. സാഹിത്യകാരൻ കെ.പാനൂർ നൽകിയ ഇളനീരും അദ്ദേഹം കുടിച്ചു. പാർട്ടി നിരോധിച്ച വേളയിൽ ഇ.എം.എസിന്റെ ലേഖനങ്ങൾ മയ്യഴിയിലെ ക്രോണിക്കൽ പ്രസ്സിൽ അച്ചടിച്ചായിരുന്നു കേരളത്തിൽ വിതരണം ചെയ്തിരുന്നത്. 1952ൽ ഇ.എം.എസിന്റെ പേരിൽ കേരളത്തിൽ അറസ്റ്റ് വാറണ്ട് ഉണ്ടായിരുന്നപ്പോൾ കോഴിക്കോട് സ്വദേശിയായ കല്ലാട്ട് കൃഷ്ണനോടൊപ്പം മാഹിയിൽ ഒളിച്ചു താമസിച്ചിരുന്നു. ഈ സമയത്ത് ആദ്യമായി നടന്ന മദിരാശി അസംബ്ലി തെരഞ്ഞെടുപ്പിൽ കോഴിക്കോട് അസംബ്ലി മണ്ഡലത്തിൽ മത്സരിക്കാൻ പത്രിക നൽകിയപ്പോൾ, ഇ.എം.എസ് മരിച്ചു പോയെന്ന് പറഞ്ഞ് റിട്ടേണിങ്ങ് ഓഫിസർ നോമിനേഷൻ സ്വീകരിച്ചില്ല. ത്രികോണ മത്സരത്തിനുണ്ടായിരുന്ന സോഷ്യലിസ്റ്റ് നേതാവും പ്രവാഹം പത്രാധിപരുമായിരുന്ന ബി.സി വർഗ്ഗീസ് റിട്ടേണിങ്ങ് ഓഫീസറെ ചോദ്യം ചെയ്യുകയും, പിറ്റേ ദിവസം ഇ.എം.എസിന്റെ ഒപ്പ് വാങ്ങി ആര്യാ അന്തർജ്ജനം നോമിനേഷൻ എത്തിക്കുകയും അത് സ്വീകരിക്കപ്പെടുകയും. ചെയ്തു. ത്രികോണ മത്സരത്തിൽ കോൺഗ്രസ്സ് നേതാവും, പിന്നിട് നിയമമന്ത്രിയുമായ കെ.പി.കുട്ടികൃഷ്ണൻ നായർ നാനൂറ് വോട്ടിന് ജയിക്കുകയുമായിരുന്നു. 1954ൽ ചെറുകല്ലായിയിൽ ഫ്രഞ്ച് വിരുദ്ധ പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരായ അച്ചുതനും, അനന്തനും വെടിയേറ്റ് വീരമൃത്യു വരിച്ചപ്പോൾ മയ്യഴിയിലെത്തിയ ഇ.എം.എസ് സംഭവ സ്ഥലം സന്ദർശിച്ചിരുന്നു. 1957ൽ നീലേശ്വരത്ത് മത്സരിച്ചപ്പോഴും അദ്ദേഹം മയ്യഴിയിലെത്തിയിരുന്നു. മാഹി കോടതിക്ക് മുന്നിലെ അന്നത്തെ പാർട്ടി ഓഫീസിലായിരുന്നു ഇ.എം.എസ് വന്നിരുന്നത്. സിരകളിൽ അഗ്നി കോരിയിടുന്ന ഓർമകൾ ഒരു നാടിന് സമ്മാനിച്ച വിപ്ലവകാരിയായിരുന്നു അദ്ദേഹം.

കരിപ്പൂരിൽ എയർ ഇന്ത്യ ബേസ് സ്റ്റേഷൻ; അടിയന്തിര ഇടപെടൽ അനിവാര്യം: എം. ഡി. സി

കോഴിക്കോട്: വർഷങ്ങളായി കോഴിക്കോട് ബാങ്ക് റോഡിൽ പ്രവർത്തിച്ചിരുന്ന എയർ ഇന്ത്യ മേഖലാ ഓഫീസ് നിർത്തലാക്കിയത് പുനഃസ്ഥാപിക്കണമെന്ന് എയർപോർട്ട് മുൻ ഉപദേശക സമിതി അംഗവും മലബാർ ഡെവലപ്മെന്റ് കൗൺസിൽ പ്രസിഡന്റുമായ ഷെവ. സി. ഇ ചാക്കുണ്ണി അധികൃതരോട് പറഞ്ഞു. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ എയർ ഇന്ത്യ സർവീസുകൾ പിൻവലിക്കുന്നതിനു മുന്നോടിയായി കരിപ്പൂരിലെ ബേസ് സ്റ്റേഷൻ അടച്ച് പൂട്ടാനും നടപടികൾ തുടങ്ങിയിട്ടുണ്ട്. കാബിൻ ക്രൂ, എയർഹോസ്റ്റസ് എന്നിവരുടെ ബേസ് സ്റ്റേഷൻ കോഴിക്കോട് നിന്ന് ഡൽഹി, മുംബൈ, ബംഗളൂരുവിലേക്കാണ് മാറ്റിയത്. ഇതുമൂലം ബിസിനസ് ക്ലാസ് യാത്ര സൗകര്യവും നഷ്ടപ്പെടും. എയർഇന്ത്യയുടെ 321വിമാന സർവീസ് നഷ്ടപ്പെടുന്നതോടുകൂടി യു.എ.ഇയിലേക്കുള്ള കയറ്റുമതിയെ സാരമായി ബാധിക്കും. ഷാർജ-കോഴിക്കോട്-ഷാർജ, ദുബായ്- കോഴിക്കോട്- ദുബായ് എയർ ഇന്ത്യ സർവീസുകൾ എയർ ഇന്ത്യ എക്സ്പ്രസിന് കൈമാറുമെന്നാണ് മനസിലാക്കുന്നത്. എയർ ഇന്ത്യ ഉപയോഗിക്കുന്ന എ 310 ഇനം വിമാനങ്ങളിൽ 220 യാത്രക്കാർക്കും 50 ടൺചരക്കും കയറ്റാൻ സാധിക്കും. എന്നാൽ എയർ ഇന്ത്യ എക്സ്പ്രസ് ഉപയോഗിക്കുന്ന ബി 737-800 വിമാനങ്ങളിൽ 130 യാത്രക്കാർക്കും യാത്രക്കാരുടെ ലഗേജ് ഉൾപ്പെടെ 19 ടൺ മാത്രമേ ഭാരം കയറ്റാൻ കഴിയുകയുള്ളൂ. എയർ ഇന്ത്യ ടാറ്റ ഏറ്റെടുത്ത് കോഴിക്കോട് നിന്ന് കൂടുതൽ ദേശീയ-അന്തർ ദേശീയ സർവീസുകളും മെച്ചപ്പെട്ട സേവനവും പ്രതീക്ഷിക്കുമ്പോഴാണ് ഒരു വർഷത്തിനുള്ളിൽ അപ്രതീക്ഷിത തിരിച്ചടി. സൗദി എയർലൈൻസും, എമിറേറ്റ്സും കഴിഞ്ഞ വർഷങ്ങളിലാണ് അവരുടെ കോഴിക്കോട് മേഖല ഓഫിസുകളും എയർപോർട്ടിലെ കൗണ്ടറുകളും ഗ്രൗണ്ട്ഹാൻഡിലിങ്ങ് സംവിധാനവും കോഴിക്കോട് നിന്ന് മാറ്റിയത്. എയർ ഇന്ത്യ ബേസ് സ്റ്റേഷൻ ഇവിടെ തന്നെ നിലനിർത്താൻ സംസ്ഥാന സർക്കാരും വിമാനത്താവളം ഉപദേശ സമിതിയും ജനപ്രതിനിധികളും സംഘടനകളും ബന്ധപ്പെട്ടവരിൽ സമ്മർദ്ദം ചെലുത്തണമെന്നും ചാക്കുണ്ണി ആവശ്യപ്പെട്ടു.

പ്രതിപക്ഷ പാർട്ടികളെ ഒരുമിപ്പിക്കാൻ സോഷ്യലിസ്റ്റ് പാർട്ടി മുൻകൈ എടുക്കണം: മണിശങ്കർ അയ്യർ

ബംഗളൂരു: വർഗീയ ഫാസിസത്തെ ചെറുക്കാൻ ബി.ജെ.പി ഇതര രാഷ്ട്രീയ പാർട്ടികൾ യോജിച്ചു രംഗത്തുവരണമെന്നും പരസ്പരം അകന്നുനിൽക്കുന്ന പ്രതിപക്ഷ പാർട്ടികളെ ഒന്നിപ്പിക്കാൻ സോഷ്യലിസ്റ്റ് പാർട്ടി മുൻകൈ എടുക്കണമെന്നും മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ മണിശങ്കർ അയ്യർ അഭിപ്രായപ്പെട്ടു. ബംഗളൂരു ഗാന്ധിഭവനിൽ സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യ, സാമൂഹ്യ സംഘടനകളുമായി ചേർന്നു സംഘടിപ്പിച്ച മത-സാഹോദര്യ സമ്മേളനത്തിൽ പ്രസംഗിക്കയായിരുന്നു അദ്ദേഹം. സോഷ്യലിസ്റ്റ് പാർട്ടി ദേശീയ പ്രസിഡന്റ് തമ്പാൻ തോമസ് ഉദ്ഘാടനം ചെയ്തു.

ഡൽഹിയിൽ ജി.20 യോഗത്തിൽ സ്വസ്തിക് ചിഹ്നം പുഷ്പങ്ങളാൽ പ്രദർശിപ്പിച്ചു കൊണ്ട് ഫാസിസം നടപ്പാക്കലാണ് തങ്ങളുടെ ലക്ഷ്യമെന്ന് പരസ്യമായി പ്രഖ്യാപിച്ച സർക്കാരാണ് കേന്ദ്രം ഭരിക്കുന്നതെന്നും ഇനിയുള്ള തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പിക്ക് എതിരേ യോജിച്ച സ്ഥാനാർഥിയെ നിർത്താൻ പ്രതിപക്ഷ പാർട്ടികൾ തയാറാവണമെന്നും അദ്ദേഹം പറഞ്ഞു. ബംഗാളിലെ മുൻ എം.പി ഡി.പി യാദവ് അധ്യക്ഷത വഹിച്ചു. സ്വരാജ് അഭയാൻ നേതാവ് യോഗേന്ദ്ര യാദവ്, കോൺഗ്രസ് ദേശീയ വക്താവ് രാജീവ് ഗൗഡ, മുൻ ഇലക്ഷൻ കമ്മിഷണർ ദേവസഹായം, മുൻമന്ത്രി ലളിത നായക്, ഡോക്ടർ സന്ദീപ് പാണ്ഡേ, സോഷ്യലിസ്റ്റ് പാർട്ടി കർണാടക പ്രസിഡന്റ് മൈക്കൾ ഫെർണാണ്ടസ്, പ്രൊഫ.ശ്യാം ഗംഭീർ, മോഹൻ കൊണ്ടാജി ഷെന്തിൽ, മനോജ് ടി.സാരംഗ് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് ഹാഷ്മി തിയേറ്റർ അവതരിപ്പിച്ച തെരുവുനാടകവും നാടൻ പാട്ടുകളും അരങ്ങേറി.

ബംഗളൂരു ഗാന്ധിഭവനിൽ സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യ, സാമൂഹ്യസംഘടനകളുമായി ചേർന്നു സംഘടിപ്പിച്ച മത-സാഹോദര്യ സമ്മേളനത്തിൽ നിന്ന്

തലശ്ശേരി-മാഹി കുടുംബ കൂട്ടായ്മ സംഘടിപ്പിച്ചു

തലശ്ശേരി-മാഹി കുടുംബ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പി.കെ സ്റ്റീൽസ് ചെയർമാൻ പി.കെ അഹമ്മദ്

കോഴിക്കോട്: കഴിഞ്ഞ 60 വർഷങ്ങൾക്കിപ്പുറം തലശ്ശേരി- മാഹി ഭാഗങ്ങളിൽനിന്ന് കോഴിക്കോട്ടെത്തി കുടുംബമായി താമസിക്കുന്നവരുടെ കുടുംബസംഗമം നടത്തി. വ്യവസായ പ്രമുഖനും സാമൂഹിക-സാംസ്കാരിക-ജീവകാരുണ്യ പ്രവർത്തകനും പി.കെ സ്റ്റീൽസ് ചെയർമാനുമായ പി.കെ അഹമ്മദ് ഉദ്ഘാടനം ചെയ്തു. അന്യംനിന്നു പോയ പഴയ കൂട്ടുകുടുംബ വ്യവസ്ഥയിലേക്ക് തിരിച്ചുപോകാനും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മബന്ധങ്ങൾ തിരികെ പിടിക്കാനും ഇത്തരം കൂട്ടായ്മകൾ വഴിയൊരുക്കുമെന്ന് ദേഹം പറഞ്ഞു. ഇത്തരം കൂട്ടായ്മകൾ പരസ്പര സഹായത്തിനുള്ള വേദികളാവുകയും നാടിന്റെ നല്ല കാര്യങ്ങളിൽ പങ്കാളികളാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രസിഡന്റ് എം.കെ മൂസ്സ അധ്യക്ഷത വഹിച്ചു. മുഹമ്മദ് ശാമിൽ പ്രാർഥന ആലപിച്ചു. പ്രോഗ്രാം കമ്മിറ്റി ജനറൽ കൺവീനർ ടി.പി.എം ഫസൽ സ്വാഗതം പറഞ്ഞു. ജീവിതശൈലീ രോഗങ്ങളെ കുറിച്ച് ഡോ.ഉത്താൻ കോയ ക്ലാസെടുത്തു. നഗരത്തിലെ ബിസിനസുകാരനും സാമൂഹിക-സാംസ്കാരിക പ്രവർത്തകനും 92 വയസ് പ്രായമുള്ള വി.സി ഉസ്മാനെ പി.കെ അഹമ്മദ് ആദരിച്ചു. പി.കെ അഹമ്മദ്, വി.പി മുഹമ്മദിന് മെമ്പർഷിപ്പ് നൽകി മെമ്പർഷിപ്പ് ക്യാംപയിൻ ഉദ്ഘാടനം ചെയ്തു. എ.വി മുഹമ്മദ് സാദിക്ക്, വി.പി മുഹമ്മദ് , സയീം, അയ്യൂബ് പ്രസംഗിച്ചു. സി.എ ഹബീബ് നന്ദിപറഞ്ഞു. അബ്ദുൾ അസീസ്. എം, സമദ് കെ.ടി, ഫൈസൽ ടിപ്ടോപ്പ്, ഹാരിസ്, റഹീം എം.കെ, സക്കരിയ സി.എം എന്നിവർ നേതൃത്വം നൽകി. ഭാരവാഹികളായി എം.കെ മൂസ്സ (പ്രസിഡന്റ്), സമീർ. കെ.ടി, മുഹമ്മദ് ബഷീർ (നാസ്) (വൈ.പ്രസിഡന്റുമാർ), എ.വി മുഹമ്മദ് സാദിക്ക് (ജനറൽ സെക്രട്ടറി), ഹബീബി. സി.എ, റാഫി കാന്തലാട്ട് (ജോ.സെക്രട്ടറി), ടി.പി.എം അഷ്റഫ് (ട്രഷറർ).

തലശ്ശേരിയിലെ ജനകീയ ഡോക്ടർ സി.ഒ.ടി മുസ്തഫയെ ഉപഹാരം നൽകി മന്ത്രി അഹമ്മദ് ദേവർകോവിൽ ആദരിച്ചപ്പോൾ

ആതുരസേവനരംഗത്ത് പ്രതിബദ്ധത മാനിക്കപ്പെടണം: മന്ത്രി അഹമ്മദ് ദേവർകോവിൽ

തലശ്ശേരി: പ്രതിസന്ധികൾ നിറഞ്ഞ ആതുരസേവനരംഗത്ത് പ്രതിബദ്ധത മാനിക്കപ്പെടേണ്ടതാണെന്നും മഹത്വമേറിയ ഡോക്ടർ-രോഗി ബന്ധം പവിത്രമാണെന്നും മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. തലശ്ശേരിയിലെ ജനകീയ ഡോക്ടർ സി.ഒ.ടി മുസ്തഫക്ക് നൽകിയ ആദര സമർപ്പണച്ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ആദരസമിതി ചെയർമാൻ പ്രൊഫ.എ.പി സുബൈർ അധ്യക്ഷത വഹിച്ചു. പ്രൊഫ.പി.പ്രവീണ, അഡ്വ. എം.വി മുഹമ്മദ് സലിം, ഡോ. നദീം അബൂട്ടി, ടി.കെ.ഡി മുഴപ്പിലങ്ങാട്, സി.ഒ.ടി അസീസ് എന്നിവർ പ്രസംഗിച്ചു. മന്ത്രിക്കുള്ള ഉപഹാരം സി.കെ.പി അബ്ദുറഹ്മാൻ കേയി നൽകി. സമിതി കൺവീനർ അഡ്വ. പി.വി സൈനുദ്ദീൻ സ്വാഗതം പറഞ്ഞു. ഡോ.സി.ഒ.ടി മുസ്തഫ മറുപടി പ്രസംഗം നടത്തി.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.